# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2725 | 09-05-2017-ലെ മറുപടിക്ക്

**എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിരവധി തസ്തികകളുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് : | | **ഡോ.കെ.ടി.ജലീൽ**<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | |
| എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) | സ്വീകരിച്ചു വരുന്നു. |
| സി) | എങ്കിൽ വിശദാംശം അറിയിക്കുമോ ? | സി) | ഒന്നാംതരം ഓവർസിയർമാരുടെ 225 ഒഴിവുകൾ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും നികത്തിയിട്ടുള്ളതാണ്. 74 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളിലേക്ക് പി.എസ്.സി-യിൽ നിന്നും അഡ്വൈസ് നൽകിയിട്ടുണ്ട്. ആയവ ഉടൻതന്നെ നികത്തുന്നതാണ്. 2017 ഡിസംബർ വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രൊമോഷൻ ഒഴിവകളിലേക്ക് 53 പേരെ ഡി.പി.സി (ലോവർ) സെലക്ട് ചെയ്തിട്ടുണ്ട്. റിട്ടയർമെന്റ് വരുന്ന മുറയ്ക്ക് ഇവർക്ക് നിയമനം നൽകുന്നതാണ്. രണ്ടാംതരം ഓവർസിയർ തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്. പി.എസ്.സി-യിൽ നിന്ന് അഡ്വൈസ് വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. മൂന്നാംതരം ഓവർസിയർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**